**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6721** **21-03-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ പരാഖ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രാഥമിക, ദ്വിതീയ തലങ്ങളിലെ വിദ്യാഭ്യാസം ലോകോത്തരമാക്കുന്നതിന് ശ്രമം നടത്തുന്ന സാഹചര്യത്തിൽ പരീക്ഷാ രീതികൾ ദേശീയ തലത്തിൽ ഏകീകരിക്കാൻ കേന്ദ്ര സർക്കാർ പരാഖ് എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത് സംസ്ഥാനത്തെ വിദ്യാഭ്യാസ പുരോഗതിക്ക് അനുഗുണമാകില്ലെന്ന് കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ; | (എ) | ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (NEP 2020) ഭാഗമായി ദേശീയതലത്തിൽ രൂപീകരിച്ച വിലയിരുത്തൽ സംവിധാനമാണ് പരാഖ്. (Performance Assessment, Review and Analysis of Knowledge for Holistic Development). ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും പരീക്ഷാ ബോർഡുകൾക്ക് വിലയിരുത്തൽ മേഖലയിൽ ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് പരാഖ് ലക്ഷ്യം വയ്ക്കുന്നത്. കേരള സംസ്ഥാനത്ത് പുതിയതായി തയ്യാറാക്കുന്ന പാഠ്യ പദ്ധതി ചട്ടക്കൂടുകൾക്ക് അനുസൃതമായ പാഠപുസ്തകങ്ങളും വിലയിരുത്തൽ രീതികളുമാണ് പൊതു വിദ്യാഭ്യാസവകുപ്പ് പിന്തുടരുക. |
| (ബി) | പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ സിലബസ് പരിഷ്കരണം ഉടരുമ്പോൾ ഇത്തരത്തിലുള്ള ഒരു പദ്ധതി നിക്ഷിപ്ത താത്പര്യത്തോടെയാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | പരാഖ് എന്ന ദേശീയ വിലയിരുത്തൽ സംവിധാനം എൻ.സി.ഇ.ആർ.ടി.യിലെ ഒരു കോൺസ്റ്റിറ്റ്യന്റ് യൂണിറ്റ് ആയാണ് രൂപീകൃതം ആയിട്ടുള്ളത്. ദേശീയ പഠനനേട്ടം സർവ്വേ (NAS) പോലുള്ള ലാർജ് സ്കെയിൽ അസസ്മെന്റ് സർവേകൾ, സംസ്ഥാന പഠനനേട്ട സർവേ (SAS) കൾക്കാവശ്യമായ പിന്തുണ നിർദ്ദേശങ്ങൾ നൽകുക, വിലയിരുത്തൽ മേഖലയിൽ പരിഷ്കരണവും ഏകീകരണവും കൊണ്ടു വരുക, വിദ്യാലയ കേന്ദ്രീകൃത വിലയിരു ത്തൽ കാര്യക്ഷമമാക്കുക, വ്യത്യസ്ത സംസ്ഥാന പരീക്ഷാ ബോർഡുകൾ തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, വിലയിരുത്തൽ രീതികളിലെ ബെസ്റ്റ് പ്രാക്ടീസസ് പരസ്പരം കൈമാറുക, വിലയിരുത്തൽ സമ്പ്രദായത്തിൽ ദേശീയതലത്തിൽ മാനദണ്ഡങ്ങൾ കൊണ്ടു വരിക എന്നീ നിർദേശങ്ങളോ ടെയാണ് പരാഖ് നിലവിൽ വന്നിട്ടുള്ളത്. കേന്ദ്രീകൃതമായ നടത്തുന്ന വിലയിരു |

| | | | |
|---|---|---|---|
| | | | ത്തലുകൾ രീതികളിലെ ശാസ്ത്രീയത സംബന്ധിച്ച ആശങ്കകൾ പലഭാഗത്തു നിന്നു ഉയരുന്നുണ്ട്. |
| (സി) | സംസ്ഥാനത്ത് വിദ്യാഭ്യാസ വിദഗ്ദ്ധരോടൊപ്പം ജനപ്രതിനിധികളെയും അദ്ധ്യാപക, രക്ഷകർത്തൃ പ്രതിനിധികളെയും ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ സവിശേഷ ശേഷി വികസിപ്പിക്കാനുതകുന്ന തരത്തിൽ വിദ്യാഭ്യാസ സമ്പ്രദായം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (സി) | എസ്.എം.സി, എം.പി.ടി.എ, സി.പി.ടി.എ, എസ്.ആർ.ജി, വ്യത്യസ്ത വിദ്യാലയ ക്ലബ്ബുകൾ തുടങ്ങിയവയെല്ലാം പൊതു വിദ്യാഭ്യാസ രംഗത്ത് വിദ്യാർത്ഥികളെ പഠന മികവുകളിലേക്ക് നയിക്കാനുള്ള സാമൂഹിക പിന്തുണ സംവിധാന ങ്ങളാണ്. പഠിതാവിനെ എല്ലാ മേഖല കളിലും പരിപോഷിപ്പിക്കാൻ ഉതകുന്ന തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി അക്കാദമിക മാസ്റ്റർ പ്ലാൻ വിദ്യാലയ കേന്ദ്രീകൃതമായി ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്തു. സാമൂഹ്യ ശാസ്ത്ര, ഗണിത ശാസ്ത്ര മേഖലകളിലെ അഭിരുചി യുള്ള പഠിതാക്കളെ കണ്ടെത്തി മികച്ച അക്കാദമികാനുഭവങ്ങൾ പകർന്നു നൽകുന്നതിനുള്ള പ്രതിഭാ പരിപോഷണ പരിപാടികളായ സ്റ്റെപ്സ്, നുമാറ്റ്സ് എന്നിവ എസ്.സി.ഇ.ആർ.ടി യുടെ നേതൃത്വത്തിൽ നടത്തിവരികയാണ്. |

സെക്ഷൻ ഓഫീസർ